REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും.**
- **BJP പാർലമെന്ററി ബോർഡ് യോഗം വൈകിട്ട് ന്യൂഡൽഹിയിൽ.**
- **വോട്ടർപട്ടികയിലെ ക്രമക്കേട് ആരോപണങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി പറയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി.**
- **ഇന്ന് ചിങ്ങം ഒന്ന്. മലയാള പുതുവർഷത്തിന് തുടക്കം.**
- **സംസ്ഥാനതല കർഷക ദിനാഘോഷം തൃശൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാനത്ത് മഴ വീണ്ടും ശക്തി പ്രാപിക്കുന്നു. ഇന്ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഏകദേശം 11,000 കോടി രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ദ്വാരക അതിവേഗപാതയുടെ ഡൽഹി ഭാഗവും NCR ലെ അർബൻ എക്സ്റ്റൻഷൻ റോഡ്-രണ്ടാം ഘട്ടവുമാണ് പദ്ധതികൾ. കണക്റ്റിവിറ്റി ഗണ്യമായി മെച്ചപ്പെടുത്തുക, യാത്രാ സമയം കുറയ്ക്കുക, ഡൽഹിയിലെയും പരിസര

പ്രദേശങ്ങളിലെയും ഗതാഗതം സുഗമമാക്കുക എന്നിവ ലക്ഷ്യമിട്ട് ഗവണ്മെന്റിന്റെ സമഗ്ര പദ്ധതിയുടെ ഭാഗമായാണ് പദ്ധതികൾ വികസിപ്പിച്ചതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. തുടർന്ന് പൊതുസമ്മേളനത്തെയും നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

✪✪✪

BJP പാർലമെന്ററി ബോർഡ് യോഗം വൈകിട്ട് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ചേരും. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലെ NDA സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച ചർച്ച യോഗത്തിൽ ഉണ്ടായേക്കും.

ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങളുൾപ്പെടുന്ന ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലെ ഇലക്ടറൽ കോളജിൽ NDA യ്ക്ക് വ്യക്തമായ ഭൂരിപക്ഷമുണ്ട്. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രിക വ്യാഴാഴ്ച വരെ സമർപ്പിക്കാം. അടുത്തമാസം ഒമ്പതിനാണ് തെരഞ്ഞെടുപ്പ്.

✪✪✪

ജമ്മു കശ്മീരിലെ ജമ്മു ഡിവിഷനിൽ കത്വാ ജില്ലയിലുണ്ടായ മേഘവിസ്ഫോടനത്തിൽ നാല് പേർ മരിച്ചു. ആറ് പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി രാജ്ബാഗിലെ ജോദ് ഘാട്ടി ഗ്രാമത്തിലാണ് സംഭവം.

✪✪✪

ജമ്മു കശ്മീരിലെ കത്വ ജില്ലയിലെ മേഘവിസ്ഫോടനത്തെ കുറിച്ച് ആഭ്യന്തരമന്ത്രി അമിത് ഷാ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും സംസാരിച്ചു. പ്രാദേശിക ഭരണകൂടം രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും ദേശീയ ദുരന്തനിവാരണ സേന സ്ഥലത്തേക്ക് പുറപ്പെട്ടിട്ടുണ്ടെന്നും അമിത് ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ജമ്മു കശ്മീർ ജനതയ്ക്ക് കേന്ദ്രത്തിന്റെ എല്ലാ പിന്തുണയും അദ്ദേഹം ഉറപ്പു നൽകി.

✪✪✪

സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകളിൽ സമയപരിധി സംബന്ധിച്ച പ്രസിഡൻഷ്യൽ റഫറൻസിൽ സുപ്രീം കോടതി നാളെ വാദം കേൾക്കും. ചീഫ് ജസ്റ്റിസ് BR ഗവായി അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും എതിർവാദങ്ങളാണ് ആദ്യ കേൾക്കുക.

സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകളിൽ നടപടിയെടുക്കുന്നതിന് ഗവർണർമാർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിക്കാൻ കഴിയുമോ

എന്നതിനെക്കുറിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ആർട്ടിക്കിൾ 143 പ്രകാരം സമർപ്പിച്ച റഫറൻസിലാണ് നാളെ വാദം കേൾക്കുന്നത്.

✪✪✪

വിദേശകാര്യമന്ത്രി ഡോ. S ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യമന്ത്രി ചോ ഹ്യൂണുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. വ്യാപാരം, ഉൽപാദനം, സമുദ്രം ഉൾപ്പെടെ വിവിധ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് ഇരുനേതാക്കളും ചർച്ച ചെയ്തതായി ജയ്ശങ്കർ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. ഇന്തോ-പെസഫിക് മേഖലയെക്കുറിച്ചും നിലവിലെ ആഗോള വികസനങ്ങളെക്കുറിച്ചും കാഴ്ചപാടുകൾ കൈമാറിയതായും അദ്ദേഹം വ്യക്തമാക്കി. നയതന്ത്ര ബന്ധത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഇരുരാജ്യങ്ങളും തുടരുന്ന സഹകരണത്തിന് ജയ്ശങ്കർ നന്ദി അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച ചോ ഹ്യൂൺ, ദക്ഷിണ കൊറിയ ഭീകരാക്രമണത്തെ ശക്തമായി എതിർക്കുന്നുവെന്നും പറഞ്ഞു.

✪✪✪

ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പത്ത് സംസ്ഥാനങ്ങളും ചേർന്ന് രാജ്യത്തെ ഉപഭോക്തൃ കേസുകളുടെ നൂറു ശതമാനവും തീർപ്പാക്കി. 2025 ജൂലൈ ഒന്നു മുതൽ ജൂലൈ 31 വരെ കാലയളവിലെ കണക്കുപ്രകാരമാണിത്. ഇക്കാലയളവിൽ ഫയൽ ചെയ്ത കേസുകളുടെ എണ്ണത്തേക്കാൾ കൂടുതലായിരുന്നു പരിഹരിച്ച കേസുകളുടെ എണ്ണം.

✪✪✪

വോട്ടർപട്ടികയിലെ ക്രമക്കേട് ആരോപണങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി പറയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി പറഞ്ഞു. ആരോപണം ഉന്നയിക്കുന്നവർ സുപ്രീംകോടതിയിലേക്ക് പോകട്ടെയെന്നും കോടതി അക്കാര്യം പരിശോധിക്കട്ടെയെന്നും സുരേഷ് ഗോപി തൃശൂരിൽ പറഞ്ഞു. കേന്ദ്രമന്ത്രിയെന്ന നിലയിൽ ഉത്തരവാദിത്തം നിർവഹിക്കുകയാണ് കടമയെന്നും ആരോപണങ്ങൾക്ക് മറുപടി നൽകലല്ല ജോലിയെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

വർത്തമാന കാലഘട്ടത്തിൽ, നിർമിതബുദ്ധി ജീവിതത്തെ എല്ലാ അർഥത്തിലും സ്വാധീനിക്കുന്നുണ്ടെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. കോഴിക്കോട് പ്രസ് ക്ലബ്ബ്, ICJ അലൂംനി നെറ്റ്വർക്ക്

സംഘടിപ്പിച്ച'നിർമിത ബുദ്ധിക്കാലത്തെ ജ്യുഡീഷ്യറിയും മാധ്യമങ്ങളും' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഇന്ന് ചിങ്ങം ഒന്ന്. ലോകമെങ്ങും കേരളീയർക്ക് ഇന്ന് മലയാള വർഷാരംഭമാണ്. കൊല്ലവർഷം 1201. മലയാളത്തിന് പുതുനൂറ്റാണ്ടിന്റെ പിറവി കൂടിയാണ് ഇന്ന്.

നൂറ്റാണ്ടിലെ ആദ്യ മലയാളവർഷത്തിനാണ് ഇന്ന് തുടക്കം കുറിക്കുന്നത്. ചിങ്ങം ഒന്ന് കേരളത്തിന് കർഷക ദിനം കൂടിയാണ്. ചിങ്ങത്തിൽ തുടങ്ങി കർക്കടത്തിൽ അവസാനിക്കുന്ന മലയാള വർഷത്തിന് AD 825-ലാണ് തുടക്കമായത്. കർക്കടക്കത്തിന്റെ വറുതിയിൽ നിന്ന് പുതിയ പ്രതീക്ഷകളോടെയാണ് ഓരോ മലയാളികളും ചിങ്ങപ്പുലരിയെ വരവേൽക്കുന്നത്.

സംസ്ഥാനത്തെ എല്ലാ കർഷകർക്കും മുഖ്യമന്ത്രി പിണറായി വിജയൻ കർഷക ദിനത്തിൽ  ആശംസകൾ നേർന്നു.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.....

കാർഷിക മേഖലയിലെ പ്രതിസന്ധികൾ മറികടക്കാനാകും വിധം ഉത്പാദന-വിപണന- മൂല്യ വർദ്ധിത മേഖലകളിൽ സംസ്ഥാന ഗവൺമെന്റ് ഒരുപോലെ ഇടപെടുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാലാവസ്ഥ വ്യതിയാനം പോലെ വെല്ലുവിളികളും  വർദ്ധിച്ചുവരുന്ന ഉത്പാദന ചെലവുകളും വിപണി അനിശ്ചിതത്വവുമാണ് കർഷകരെ പ്രതിസന്ധിയിലേക്ക് നയിക്കുന്നതെന്ന് മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. പരമ്പരാഗത-ആധുനിക കൃഷി രീതികൾ സമന്വയിപ്പിച്ച് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. എങ്കിലേ കാർഷിക സ്വയംപര്യാപ്തത കൈവരിക്കാനാകൂ എന്ന് കർഷക ദിനത്തിൽ മുഖ്യമന്ത്രി ആശംസകൾ നേർന്നുകൊണ്ട് പറഞ്ഞു.

മന്ത്രി P രാജീവും കർഷകർക്ക് ആശംസകൾ നേർന്നു. കാർഷിക വിളകളിൽ നിന്ന് മൂല്യവർദ്ധിത വസ്തുക്കളുടെ ഉത്പാദനം നടത്തുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണെന്ന് മന്ത്രി P രാജീവ് അറിയിച്ചു. സംസ്ഥാനത്തെ തരിശു ഭൂമി കുറഞ്ഞു വരികയാണെന്നും ഗവൺമെന്റ് നൂതന കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുകയും യുവ കർഷകരെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. MADE IN KERALA ബ്രാന്റ് ഉത്പന്നങ്ങളുടെ വിപണനത്തിന് ആരംഭിക്കുന്ന സൂപ്പർമാർക്കറ്റ് ശൃംഖലയിലൂടെ കർഷകരുടെ മൂല്യവർദ്ധിത

ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സാധിക്കുമെന്നും പി. രാജീവ് വ്യക്തമാക്കി.

✪✪✪

കർഷക ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂരിലെ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. കർഷക അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

✪✪✪

വോട്ടർ പട്ടിക പരിഷ്കരണത്തിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾ ഉയർത്തിക്കാട്ടി മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിക്കുന്ന വോട്ട് റൈറ്റ്സ് യാത്രയ്ക്ക് ഇന്ന് ബീഹാറിലെ സസാറാമിൽ തുടക്കമാകും. 16 ദിവസത്തെ യാത്ര സംസ്ഥാനത്തെ 25 ജില്ലകളിലൂടെ കടന്നുപോകും.

✪✪✪

പ്രതികൂല കാലാവസ്ഥയിലും ശബരിമലയിൻ വൻ ഭക്തജനത്തിരക്ക്. സന്നിധാനത്തെ കീഴ്ശാന്തി, പമ്പയിലെ മേൽശാന്തിമാർ എന്നിവരെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു.

കൂടൂതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി എസ് ശ്രീധർ...

.......വോയ്സ്......

കോരിച്ചൊരിയുന്ന മഴയെ അവഗണിച്ചും സന്നിധാനത്ത് നടതുറന്നതു മുതൽ വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. രാവിലെ സന്നിധാനത്ത് നടന്ന കീഴ്ശാന്തി നറുക്കെടുപ്പിൽ പാറശാല ദേവസ്വം മേൽശാന്തി എസ് .ഹരീഷ് പോറ്റിയെ ശബരിമല കീഴ്ശാന്തയായി തിരഞ്ഞെടുത്തു.തിരുവനന്തപുരം ആര്യശാല ദേവസ്വത്തിലെ മേൽശാന്തി പി. ശങ്കരൻ നമ്പൂതിരി. എറണാകുളം കോതക്കുളങ്ങര ദേവസ്വത്തിലെ മേൽശാന്തി ടി .എസ് വിഷ്ണു നമ്പൂതിരി എന്നിവരെ

പമ്പ ഗണപതി ക്ഷേത്രം, ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിലെ മേൽശാന്തിമാരായി നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. പമ്പയിൽ ജലനിരപ്പ് ഉയർന്നതിനാലും മഴ മുന്നറിയിപ്പ് തുടരുന്നതിനാലും തീർഥാടകർക്ക് പമ്പാനദിയിൽ ഇറങ്ങുന്നതിനും പമ്പാ സ്നാനത്തിനും വിലക്കുണ്ട്. കക്കി ആനത്തോട്,മൂഴിയാർ എന്നീ ഡാമുകൾ തുറന്നിരിക്കുന്ന സാഹചര്യത്തിൽ തീർഥാടകർ ഉൾപ്പെടെയുഉവർ ജാഗ്രത പാലിക്കേണ്ടതാണ്.

✪✪✪

സംസ്ഥാനത്ത് മഴ  വീണ്ടും ശക്തി പ്രാപിക്കുന്നു. ബുധനാഴ്ച്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

ഇടുക്കി മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം നിരോധിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40  മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ  ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മഴയ്ക്ക് ശക്തി കുറഞ്ഞതോടെ മൂന്നാറിൽ വിനോദ സഞ്ചാരികളുടെ തിരക്കാരംഭിച്ചു. വാരാന്ത്യങ്ങളിലാണ് സഞ്ചാരികൾ കൂടുതലുമെത്തുന്നത്. ഓണാവധിക്കാലം ആരംഭിക്കുന്നതോടെ സഞ്ചാരികളുടെ തിരക്ക് ഇരട്ടിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ ...

......വോയ്സ്......

കനത്ത മഴയും കാറ്റും ഉൾപ്പെടെയുള്ള പ്രതികൂല കാലാവസ്ഥയെ തുടർന്ന് തിരക്കൊഴിഞ്ഞ മൂന്നാറിലെ ടൂറിസം കേന്ദ്രങ്ങളിലെല്ലാം സഞ്ചാരികളെത്തി തുടങ്ങി. മലയാളികളും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, ആന്ധ്ര, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ളവരുമാണ് സന്ദർശകരിൽ അധികവും. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ രാജമല, മാട്ടുപ്പെട്ടി, എക്കോ പോയിന്റ്, ടോപ് സ്റ്റേഷൻ, ഫ്ളവർ ഗാർഡൻ, ബൊട്ടാണിക്കൽ ഗാർഡൻ, ബ്ലോസം പാർക്ക് എന്നിവിടങ്ങളിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. സഞ്ചാരികളുടെ തിരക്ക് വർധിച്ചതിനാൽ ദേശീയ പാതയിൽ ഗതാഗതക്കുരുക്കും രൂക്ഷമായിട്ടുണ്ട്.

ഓണക്കാലത്തേക്കായി ലോഡ്ജുകളിലും റിസോർട്ടുകളിലുമുൾപ്പെടെ ഭൂരിഭാഗം മുറികളും ഇതിനോടകം സഞ്ചാരികൾ ബുക്ക് ചെയ്തു കഴിഞ്ഞു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക ഈ മാസം 30 - ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പ്രസിദ്ധീകരണം വരെ എല്ലാ അവധി ദിവസങ്ങളിലും മുഴുവൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളും തുറന്ന് പ്രവൃത്തിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി.

✪✪✪

ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് - ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് ഏഴിന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

പ്രസിദ്ധമായ ഗുരുവായൂർ ചെമ്പൈ സംഗീതോത്സവത്തിന്റെ ഒരു വർഷം നീളുന്ന വിപുലവും പ്രൗഢവുമായ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം. ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മനാടായ പാലക്കാട് കോട്ടായി ചെമ്പൈ ഗ്രാമത്തിൽ വൈകിട്ട് മന്ത്രി വി. എൻ. വാസവൻ ആഘോഷം ഉദ്ഘാടനം ചെയ്യും. പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ സംഗീതകലാനിധി TM കൃഷ്ണയുടെ സംഗീത കച്ചേരിയും അരങ്ങേറും.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ഡിസംബർ 12 മുതൽ 19 വരെ സംഘടിപ്പിക്കുന്ന 30-മത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ വിവിധ വിഭാഗങ്ങളിലേക്ക് പരിഗണിക്കുന്നതിനായി എൻട്രികൾ ക്ഷണിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബർ 1 മുതൽ ഈ വർഷം ഓഗസ്റ്റ് 31 വരെ കാലയളവിൽ പൂർത്തീകരിച്ച ചിത്രങ്ങൾ എൻട്രികളായി സമർപ്പിക്കാം.

വിശദമായ നിയമാവലിയ്ക്കും എൻട്രികൾ സമർപ്പിക്കുന്നതിനുമായി iffk വെബ്സൈറ്റ് സന്ദർശിക്കണമെന്ന് ചലച്ചിത്ര അക്കാദമി അറിയിച്ചു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRT:രജിന കെ*
*DEO: സി കെ സുബോധ്*